20 (2711) കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പു കൈത്തൊഴിലുകാർക്ക് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് കൈത്തൊഴിലുകാർക്ക് ആധുനിക പണി ആയുധങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലയിലെ കൈത്തൊഴിലുകാർക്കാണ് പണിയായുധങ്ങൾ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ:

(ഡി) തൊഴിലുപകരണ കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി കൂടുതൽ തൊഴിൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളിലേക്കാണ് തൊഴിലുപകരണ കിറ്റ്സ് വിതരണ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ ഉദദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തൊഴിൽ ഉപകരണകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഗ്രാമീണരായ കൈത്തൊഴിലുകാർക്ക് മെച്ചപ്പെട്ട ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന കൈത്തൊഴിലുപകരണ പദ്ധതി (സിറ്റ്ട്രാ) ഗ്രാമവികസന വകുപ്പു നടപ്പാക്കിയിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാവിഭാഗം കൈത്തൊഴിലുകാർക്കും ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(സി) മരപ്പണി, ഇരുമ്പുപണി, കളിമൺപാത്ര നിർമ്മാണം, ചെരിപ്പു നിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് പണി ആയുധങ്ങൾ വിതരണം ചെയ്യുന്നത്.

(ഡി) ഈ സാമ്പത്തിക വർഷം മുതൽ ഐ.ആർ.ഡി.പി., ട്രൈസം, സിറ്റ്ട്രാ, ജി.കെ.വൈ, ഡി.ഡബ്ല്യൂ.സി.ആർ.എ., എം.ഡബ്ല്യൂ.എസ്. എന്നീ പദ്ധതികൾ സംയോജിപ്പിച്ചു എസ്.ജി.എസ്.വൈ. എന്ന പേരിൽ ഒറ്റ പദ്ധതിയായിട്ടാണ് നടപ്പാക്കുന്നത്. അതിനാൽ കൂടുതൽ മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പുതിയ പദ്ധതി നടപ്പാക്കുന്നതന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,325 പേർക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

21 (2712) ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പും പഞ്ചായത്ത് വകുപ്പും സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ ഈ രണ്ട് വകുപ്പിലേയും ഉദ്യോഗസ്ഥൻമാരെ ഒരു വിഭാഗമായി കണക്കിലെടുത്ത് പുതിയ എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഇത്തരത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളെ എങ്ങനെ ബാധിക്കുമെന്ന് ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ബാബുപോളിനെ കമ്മീഷനായി നിയമിച്ചിരുന്നുവോ;

(ഡി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗ്രാമവികസന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) 29.4.99-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)368/99/ജി.എഡി. പ്രകാരം ഇപ്പോൾ സെക്രട്ടേറിയറ്റ് തലത്തിൽ മാത്രമാണ് വകുപ്പു സംയോജനം നടപ്പിലാക്കിയിരിക്കുന്നത്. ഫീൽഡ് ഡിപ്പാർട്ട്മെന്റുകളുടെ ഘടനയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പ്രസക്തമല്ല.

(സി) സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു.

(ഡി)&(ഇ) റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

22 (2713) ബ്ലോക്ക് സെക്രട്ടറിയെ മർദ്ദിച്ച സംഭവം

ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്ത് ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മർദ്ദിച്ചതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly